**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3715** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഏകീകൃത പൗര സേവന വിതരണ പ്ലാറ്റ്ഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾക്കായി വ്യത്യസ്ത ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കേണ്ടി വരുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾക്കായി വ്യത്യസ്ത ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കേണ്ടി വരുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ പരിഹരിക്കുന്നതിനായി പ്രസ്തുത സേവനങ്ങൾ "ഇ-സേവനം" എന്ന ഏകീകൃത പോർട്ടൽ വഴിയും "എം-സേവനം" എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴിയും ലഭ്യമാക്കിവരുന്നു.<br><br>സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങാതെ വീട്ടിലിരുന്നു കൊണ്ടു തന്നെ 72 വകുപ്പുകളുടെ 830 ഓളം സേവനങ്ങൾ "ഇ-സേവനം" പോർട്ടൽ (https://services.kerala.gov.in) മുഖേന പൊതുജനങ്ങൾക്ക് നൽകി വരുന്നുണ്ട്. 618 സേവനങ്ങൾ 'എം-സേവനം' എന്ന മൊബൈൽ ആപ്പിലും ലഭ്യമാണ്. |
| (ബി) | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിന് ഏകീകൃത പൗര സേവന വിതരണ പ്ലാറ്റ്ഫോം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിന് ഒരു ഏകീകൃത പൗര സേവന വിതരണ പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും eGov ഫൗണ്ടേഷൻ വികസിപ്പിച്ച "ഡിജിറ്റ്" പ്ലാറ്റ്ഫോം ആവശ്യാനുസരണം ഭേദഗതി വരുത്തി ഉപയോഗിക്കുന്നതിന് eGov ഫൗണ്ടേഷനുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകൾ നൽകുന്ന എല്ലാ ഓൺലൈൻ സേവനങ്ങളും ഒരൊറ്റ എൻഡ്-ടു-എൻഡ് പ്ലാറ്റ്ഫോമിൽ സമന്വയിപ്പിക്കുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | ദേശീയ തലത്തിൽ ഉപയോഗിച്ച് വരുന്ന ഡിജിറ്റ് എന്ന സോഫ്റ്റ്‌വെയർ ഏകീകൃത പൗര സേവന | (സി) | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | വിതരണ പ്ലാറ്റ്ഫോമിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | | ഒരു ഏകീകൃത പൗര സേവന വിതരണ പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും eGov ഫൗണ്ടേഷൻ വികസിപ്പിച്ച "ഡിജിറ്റ്" പ്ലാറ്റ്ഫോം ആവശ്യാനുസരണം ഭേദഗതി വരുത്തി ഉപയോഗിക്കുന്നതിന് eGov ഫൗണ്ടേഷനുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകൾ നൽകുന്ന എല്ലാ ഓൺലൈൻ സേവനങ്ങളും ഒരൊറ്റ എൻഡ്-ടു-എൻഡ് പ്ലാറ്റ്ഫോമിൽ സമന്വയിപ്പിക്കുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (ഡി) | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള ഓൺലൈൻ സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എം-ആപ്പ് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന 'എം-സേവനം' മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ 72 വകുപ്പുകളുടെ 618 സേവനങ്ങൾ പ്രസ്തുത ആപ്പിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ